ചുരുക്കത്തിൽ

‘ദ കേരള സ്റ്റോറി’: എതിർഹർജി സുപ്രീംകോടതി പരിഗണിക്കും

ന്യൂഡൽഹി

വിദ്വേഷം പരത്തുന്ന സിനിമ ‘ദ കേരള സ്റ്റോറി’യുടെ റിലീസ് തടയണമെന്ന ആവശ്യം തള്ളിയ കേരളാഹൈക്കോടതി നടപടിക്കെതിരായ ഹർജി പരിഗണിക്കാമെന്ന് സുപ്രീംകോടതി. തിങ്കളാഴ്ച ഹർജി പരിഗണിക്കാമെന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് മുതിർന്ന അഭിഭാഷകൻ കപിൽസിബലിനെ അറിയിച്ചു. ഹൈക്കോടതിയെ സമീപിക്കാൻ നേരത്തെ സുപ്രീംകോടതിയാണ് ഹർജിക്കാർക്ക് നിർദേശം നൽകിയത്.

‘കേരള സ്റ്റോറി’ക്ക് നികുതി ഇളവുമായി യുപി

ലഖ്നൗ

വിദ്വേഷസിനിമ ‘ദ കേരള സ്റ്റോറി’ക്ക് നികുതി ഇളവ്പ്രഖ്യാപിച്ച് ഉത്തർപ്രദേശ് സർക്കാർ. മധ്യപ്രദേശും സിനിമയ്ക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ലഖ്നൗവിലെ തിയറ്ററിൽ സിനിമയുടെ പ്രത്യേക പ്രദർശനം കാണാൻ യോഗി ആദിത്യനാഥ് എത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ‘കേരള സ്റ്റോറി’യെ പുകഴ്ത്തിയിരുന്നു.രാജ്യത്തിനുമേൽ വിഷലിപ്തമായ അജണ്ട നടപ്പാക്കാൻ സിനിമയേയും സാഹിത്യത്തെയും ഉപയോഗിക്കരുതെന്ന് സമാജ്‌വാദി പാർടി പത്രക്കുറിപ്പിൽ വ്യക്തമാക്കി.

പട്നായിക്കുമായി ചർച്ച നടത്തി നിതീഷ്

- ബിഹാർ സർക്കാരിന് പുരിയിൽ സൗജന്യ ഭൂമി
- പ്രതിപക്ഷ നേതൃയോഗം18ന്

റിതിൻ പൗലോസ്

ന്യൂഡൽഹി

കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളെ കാണുന്ന നിതീഷ് കുമാറും നവീൻ പട്നായിക്കും

പ്രതിപക്ഷ ഐക്യചർച്ചകളുടെ ഭാഗമായി ഒഡിഷ മുഖ്യമന്ത്രിയും ബിജു ജനതാദൾ നേതാവുമായ നവീൻ പട്നായിക്കുമായി ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ കൂടിക്കാഴ്ച നടത്തി. ഭുവനേശ്വരിലെ പട്നായിക്കിന്റെ ഔദ്യോഗിക വസതിയിൽ ഒന്നരമണിക്കൂറോളം ചർച്ച നീണ്ടു. സൗഹൃദ സംഭാഷണം മാത്രമാണ് നടന്നതെന്ന് ഇരു നേതാക്കളും പ്രതികരിച്ചു. പുരിയിൽ ബിഹാർ ഭവൻ നിർമിക്കാൻ ഒന്നരയേക്കർ സ്ഥലം ബിഹാർ സർക്കാരിന് സൗജന്യമായി നൽകുമെന്ന് പട്നായിക് അറിയിച്ചു. പ്രതിപക്ഷ പാർടികളുടെ നേതാവായി നിതീഷ് മാറിയെന്നും വ്യക്തിപരമായ താൽപ്പര്യങ്ങൾ മാറ്റിവച്ച് പ്രതിപക്ഷ ഐക്യം സാധ്യമാക്കുന്നതിനായി പട്നായിക്കുമായി ചർച്ച നടത്തിയെന്നും ജെഡിയു പ്രതികരിച്ചു.

മെയ് 18ന് പട്നയിൽ നടക്കുന്ന പ്രതിപക്ഷ പാർടികളുടെ യോഗത്തിലേക്ക് പട്നായിക്കിനെ നിതീഷ് ക്ഷണിച്ചെന്നാണ് റിപ്പോർട്ടുകൾ.

കേന്ദ്രഭരണത്തിലുള്ളവരുമായി സൗഹൃദം പുലർത്തുന്ന നയം പിന്തുടരുന്ന പട്നായിക് ബിജെപിയുടെ സംസ്ഥാനത്തെ നീക്കങ്ങളിൽ അസ്വസ്ഥനാണ്. ബിജെഡിക്കെതിരെ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാനെ മുൻനിർത്തിയാണ് ബിജെപിയുടെ അണിയറനീക്കങ്ങൾ. 2024ൽ സംസ്ഥാനത്ത് ബിജെപിയുമായി നേരിട്ടുള്ള ഏറ്റുമുട്ടൽ ഉറപ്പായതിനാൽ പ്രതിപക്ഷ ഐക്യത്തിൽനിന്ന് മാറിനിൽക്കേണ്ടതില്ലെന്ന നിലപാടിലാണ് ഒരു വിഭാഗം ബിജെഡി നേതാക്കൾ. ജെഎംഎം നേതാവും ജാർഖണ്ഡ് മുഖ്യമന്ത്രിയുമായ ഹേമന്ദ് സോറൻ, എൻസിപി അധ്യക്ഷൻ ശരദ് പവാർ, ശിവസേനാ ഉദ്ധവ് വിഭാഗം തലവൻ ഉദ്ധവ് താക്കറെ എന്നിവരുമായും അടുത്ത ദിവസങ്ങളിൽ നിതീഷ് കൂടിക്കാഴ്ച നടത്തുന്നുണ്ട്.

മുസ്ലിങ്ങളുടെ സഹിഷ്ണുത മുഖംമൂടി, ലക്ഷ്യം സ്ഥാനമാനങ്ങൾ: കേന്ദ്രമന്ത്രി

പ്രത്യേക ലേഖകൻ

ന്യൂഡൽഹി

സത്യപാൽ സിങ് ബാഗേൽ

സഹിഷ്ണുതയുള്ളവർ മുസ്ലിങ്ങളിൽ അപൂർവമാണെന്നും അവർതന്നെ സഹിഷ്ണുത നടിക്കുന്നത് പൊതുരംഗത്തെ സ്ഥാനങ്ങൾക്കായുള്ള മുഖംമൂടിയായാണെന്നും കേന്ദ്ര നിയമസഹമന്ത്രി സത്യപാൽ സിങ് ബാഗേൽ.

ഗവർണർമാരോ ഉപരാഷ്ട്രപതിയോ ആകാനാണ് ഇവർ സഹിഷ്ണുത കാണിക്കുന്നത്. അത് അടവാണ്. പൊതുരംഗത്തുനിന്ന് വിരമിച്ചുകഴിഞ്ഞാൽ അവർ മനസ്സിലുള്ളത് തുറന്നുപറയും–മഹാരാഷ്ട്ര സദനിൽ ആർഎസ്എസ് സംഘടിപ്പിച്ച പരിപാടിയിൽ മന്ത്രി പറഞ്ഞു.

മുസ്ലിം മതമൗലികവാദത്തെ നേരിടണമെന്നും എന്നാൽ അക്ബർ ചക്രവർത്തിയെപ്പോലുള്ളവരുടെ മാതൃക ശ്ലാഘനീയമാണെന്നും വിവരാവകാശ കമീഷണർ ഉദയ് മഹർക്കർ പ്രസംഗിച്ചതിനു പിന്നാലെയാണ് കേന്ദ്രമന്ത്രിയുടെ പ്രതികരണം.

അക്ബറുടെ മതസഹിഷ്ണുത തന്ത്രം മാത്രമായിരുന്നെന്നും മന്ത്രി പറഞ്ഞു. ഹിന്ദുഭൂരിപക്ഷ രാജ്യമായിരുന്നെന്ന് അക്ബറിന് അറിയാമായിരുന്നു. ജോധാബായിയെ വിവാഹം കഴിച്ചതും നവരത്നങ്ങളിൽ ഹിന്ദുക്കളെ ഉൾപ്പെടുത്തിയതും രാഷ്ട്രീയ നടപടിയായിരുന്നു. മരണത്തിനുമുമ്പ് അദ്ദേഹത്തിന്റെ അവസാനവാക്കുകൾ ‘യാ അള്ളാ’ എന്നായിരുന്നു– മന്ത്രി ബാഗേൽ പറഞ്ഞു. അഴിമതിയേക്കാൾ വലിയ വിപത്തുകൾ വർഗീയതയും ജനസംഖ്യയിലെ ആനുപാതികമല്ലാത്ത വളർച്ചയുമാണ്. ഭരണഘടനയുടെ അടിസ്ഥാനഘടന ഹിന്ദുരാഷ്ട്ര സങ്കൽപ്പമാണെന്നും മന്ത്രി അവകാശപ്പെട്ടു.

ഗുസ്തി താരങ്ങളുടെ സമരത്തിന് ഐക്യദാർഢ്യം

രാജ്യവ്യാപക പ്രക്ഷോഭത്തിന് ഡിവൈഎഫ്ഐ

സ്വന്തം ലേഖകൻ

ന്യൂഡൽഹി



ഗുസ്തി താരങ്ങളെ ലൈംഗിക പീഡനത്തിന് ഇരയാക്കിയ ബിജെപി എംപിയും ഗുസ്തി ഫെഡറേഷൻ പ്രസിഡന്റുമായ ബ്രിജ് ഭൂഷണെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള ഗുസ്തിതാരങ്ങളുടെ സമരത്തിന് ഐക്യദാർഢ്യവുമായി രാജ്യവ്യാപക പ്രക്ഷോഭം നടത്തുമെന്ന് ഡിവൈഎഫ്ഐ. 15 മുതൽ 20 വരെ പ്രതിഷേധം സംഘടിപ്പിക്കും. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര സർക്കാർ ഓഫീസുകളിലേക്ക് മാർച്ച് നടത്തുമെന്ന് അഖിലേന്ത്യ പ്രസിഡന്റ് എ എ റഹിം ജന്തർ മന്തറിൽ ഗുസ്തി താരങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം പറഞ്ഞു. 21ന് രാജ്യവ്യാപകമായി ഇ– മെയിൽ കിയോസ്ക് സ്ഥാപിച്ച് രാഷ്ട്രപതി ദ്രൗപദി മുർമുവിന് ഇ– മെയിൽ അയക്കും.

പോക്സോ കേസെടുത്തിട്ടും 164 പ്രകാരം ഇനിയും മൊഴി രേഖപ്പെടുത്തിയിട്ടില്ല. ഇത് കേന്ദ്രത്തിന്റെ നിയമവിരുദ്ധ നിലപാടിന്റെ തെളിവാണ്– റഹിം പറഞ്ഞു. ഡിവൈഎഫ്ഐ ജനറൽ സെക്രട്ടറി ഹിമാഗ്നരാജ് ഭട്ടാചാര്യ, കേന്ദ്ര സെക്രട്ടറിയറ്റ് അംഗം ജെയ്ക് സി തോമസ് എന്നിവരും സമരവേദിയിൽ എത്തി. ഹരിയാനയിലെ ഡിവൈഎഫ്ഐ നേതാക്കൾ ഞായറാഴ്ച സമരവേദിയിൽ പ്രതിഷേധത്തിൽ പങ്കെടുക്കും. ബുധനാഴ്ച സംയുക്ത ട്രേഡ് യൂണിയൻ പ്രതിനിധി സംഘവും സമരവേദിയിലെത്തും.

അതേസമയം ബ്രിജ് ഭൂഷണെതിരായ ഗുസ്തിതാരങ്ങളുടെ സമരത്തിന്റെ ഭാഗമായതിന് ഹരിയാന അമച്വർ ഗുസ്തി ഫെഡറേഷൻ മൂന്ന് ജില്ലാ സെക്രട്ടറിമാരെ സസ്പെൻഡ് ചെയ്തു.

തൊഴിൽ കോഡിൽ തൊടാനാകാതെ കേന്ദ്രം

- ട്രേഡ് യൂണിയനുകളുടെ കടുത്ത എതിർപ്പും സംസ്ഥാന സർക്കാരുകൾ താൽപ്പര്യം കാട്ടാത്തതും കേന്ദ്രത്തിന് തിരിച്ചടിയായി

പ്രത്യേക ലേഖകൻ

ന്യൂഡൽഹി

കോർപറേറ്റ് സമ്മർദത്തിനു വഴങ്ങി കൊണ്ടുവന്ന തൊഴിൽ കോഡുകൾ നടപ്പാക്കാൻ കഴിയാതെ മോദി സർക്കാർ പ്രതിസന്ധിയിൽ. ഈ സാമ്പത്തിക വർഷം നാല് തൊഴിൽ കോഡും നടപ്പാക്കാമെന്ന് കേന്ദ്രം കണക്കുകൂട്ടിയത്. എന്നാൽ, ട്രേഡ് യൂണിയനുകളിൽനിന്നുള്ള കടുത്ത എതിർപ്പും സംസ്ഥാന സർക്കാരുകൾ താൽപ്പര്യം കാട്ടാത്തതും തിരിച്ചടിയായി. കർഷക സംഘടനകളും ട്രേഡ് യൂണിയനുകളും ചേർന്ന് ‘കോർപറേറ്റ് ഹഠാവോ, ദേശ് ബച്ചാവോ’ എന്ന പ്രസ്ഥാനവും തുടങ്ങി.

തൊഴിലാളികളെ അടിമസമാനമായ സ്ഥിതിയിലേക്ക് തള്ളിവിടാൻ 29 തൊഴിൽനിയമം അസാധുവാക്കിയാണ് നാല് തൊഴിൽ കോഡ് കൊണ്ടുവന്നത്. വ്യവസായ ബന്ധം, സാമൂഹ്യസുരക്ഷ, തൊഴിൽ സുരക്ഷയും ആരോഗ്യവും ജോലിസാഹചര്യവും, വേതനം എന്നിങ്ങനെയാണ് കോഡുകൾ. കരാർവൽക്കരണം വ്യാപകമാക്കുക, എട്ടു മണിക്കൂർ ജോലിപരിധി എടുത്തുകളയുക, തൊഴിൽവകുപ്പിന്റെ പ്രവർത്തനം പരിമിതപ്പെടുത്തുക, സംഘടിച്ച് വിലപേശാനുള്ള അവകാശം ഇല്ലാതാക്കുക, ത്രികക്ഷി ചർച്ച ഒഴിവാക്കുക എന്നിവയാണ് കോഡുകളുടെ മുഖ്യലക്ഷ്യം. ഇതിനെ ട്രേഡ് യൂണിയനുകളും ഇടതുപക്ഷ പാർടികളും തുടക്കം മുതൽ എതിർത്തു. കോഡുകളുടെ യഥാർഥ സ്വഭാവം വ്യക്തമായതോടെ എതിർപ്പ് വ്യാപകമായി. തൊഴിൽ സമവർത്തി പട്ടികയിൽ വരുന്ന വിഷയമായതിനാൽ ഇവ നടപ്പാക്കാൻ സംസ്ഥാന സർക്കാരുകളും നിയമം പാസാക്കണം. തമിഴ്നാട് സർക്കാർ കോഡുകൾ നടപ്പാക്കാൻ നിയമം കൊണ്ടുവന്നെങ്കിലും അതിശക്തമായ പ്രതിഷേധം ഉയർന്നതോടെ പിൻവലിച്ചു.

ഇക്കഴിഞ്ഞ ഏപ്രിൽ അഞ്ചിന് ഡൽഹിയിൽ സിഐടിയു, അഖിലേന്ത്യ കിസാൻസഭ, കർഷക തൊഴിലാളി യൂണിയൻ എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ മസ്ദൂർ കിസാൻ സംഘർഷ് റാലിയിൽ ഉയർത്തിയ മുദ്രാവാക്യങ്ങളിൽ പ്രധാനം തൊഴിൽ കോഡുകൾ പിൻവലിക്കണമെന്നതാണ്. സംയുക്ത കിസാൻ മോർച്ചയും തൊഴിൽ കോഡുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നു. രാജ്യാന്തര തൊഴിൽ സംഘടനയുടെ സമ്മേളനത്തിൽ വിഷയം ഉന്നയിക്കുമെന്ന് ട്രേഡ് യൂണിയനുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. അടുത്ത വർഷം നടക്കേണ്ട ലോക്സഭാ പൊതുതെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടും തൊഴിൽ കോഡുകൾ മരവിപ്പിക്കാൻ കേന്ദ്രം തീരുമാനം എടുത്തേക്കും. കർഷക രോഷത്തിനു കീഴടങ്ങിയ മോദി സർക്കാർ ഭൂമി ഏറ്റെടുക്കൽ നിയമഭേദഗതി ഓർഡിനൻസും മൂന്നു കാർഷിക നിയമവും പിൻവലിച്ചിട്ടുണ്ട്.

മാധ്യമസ്വാതന്ത്ര്യ സൂചിക

ഇന്ത്യ കൂപ്പുകുത്തിയത് ഓർമിപ്പിച്ച് സുപ്രീംകോടതി

- ബിൽക്കിസ് ബാനു കേസിൽ എതിർ കക്ഷികൾക്ക് കൈമാറാത്ത നോട്ടീസുകൾ പത്രത്തിൽ പ്രസിദ്ധീകരിക്കണം

സ്വന്തം ലേഖകൻ

ന്യൂഡൽഹി

ലോക മാധ്യമ സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യ കൂപ്പുകുത്തിയത് ചൂണ്ടിക്കാട്ടി സുപ്രീംകോടതി. ബിൽക്കിസ് ബാനു കേസിലെ കുറ്റവാളികൾക്ക് ഗുജറാത്ത് സർക്കാർ ശിക്ഷാഇളവ് നൽകി വിട്ടയച്ചത് ചോദ്യംചെയ്തുള്ള ഹർജിയിലെ വാദംകേൾക്കലിനിടെയാണ് ജസ്റ്റിസ് കെ എം ജോസഫിന്റെ പ്രതികരണം. കേസിലെ എതിർകക്ഷികളിൽ ചിലർക്ക് ഇനിയും നോട്ടീസ് കൈമാറാൻ കഴിയാത്ത സാഹചര്യത്തിൽ ഇംഗ്ലീഷ്, ഗുജറാത്തി പത്രങ്ങളിൽ നോട്ടീസ് പ്രസിദ്ധീകരിക്കാൻ കോടതി നിർദേശം നൽകി. തുടർന്നാണ് ‘മാധ്യമ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ നമ്മൾ ഇപ്പോൾ 161ാം സ്ഥാനത്താണ് –എന്ന് ജസ്റ്റിസ് പ്രതികരിച്ചത്. എന്നാൽ, ആരാണ് റാങ്ക് നൽകുന്നതെന്ന വസ്തുത കൂടി കണക്കിലെടുക്കണമെന്ന് കേന്ദ്രസർക്കാരിന് വേണ്ടി ഹാജരായ സോളിസിറ്റർജനറൽ തുഷാർമെഹ്ത പറഞ്ഞു.

റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് എന്ന അന്താരാഷ്ട്രസംഘടന തയാറാക്കിയ സൂചികയിൽ അഫ്ഗാനിസ്ഥാനും പാകിസ്ഥാനും സൊമാലിയയ്ക്കും പിന്നിലാണ് ഇന്ത്യയുടെ സ്ഥാനം.

അതേസമയം കേസ് ജൂലൈ 11ലേക്ക് മാറ്റി. ജസ്റ്റിസ് കെ എം ജോസഫ് ജൂണിൽ വിരമിക്കുന്ന സാഹചര്യത്തിൽ കേസ് പരിഗണിക്കാൻ ചീഫ് ജസ്റ്റിസ് പുതിയ ബെഞ്ച് രൂപീകരിക്കേണ്ടി വരും. തന്റെ ബെഞ്ചിൽനിന്ന് ഒഴിവാക്കാൻ കേസ് വൈകിപ്പിക്കുകയാണെന്ന ജസ്റ്റിസ് കെ എം ജോസഫിന്റെ പരാമർശം ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു.

പണമൊഴുകുന്നു; കർണാടകത്തിൽ പിടിച്ചെടുത്തത് 375 കോടി

ബംഗളൂരു

ബുധനാഴ്ച തെരഞ്ഞെടുപ്പ് നടക്കുന്ന കർണാടകയിൽനിന്ന് എൻഫോഴ്സ്മെന്റ് സംഘങ്ങൾ പിടിച്ചെടുത്തത് പണമടക്കം 375 കോടി രൂപയുടെ വസ്തുക്കൾ. മദ്യവും മയക്കുമരുന്നും ജനങ്ങൾക്ക് സൗജന്യമായി നൽകാൻ കരുതിയ വസ്തുക്കളും പിടിച്ചെടുത്തു. 2018ലെ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് 4.5 മടങ്ങ് അധികമാണ് ഇത്തവണ പിടിച്ചെടുത്ത വസ്തുക്കൾ. മാർച്ച് 29ന് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്ന ദിവസം 288 കോടി രൂപയുടെ ആസ്തി വകകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കണ്ടുകെട്ടി.

പ്രവചനങ്ങളിൽ വീണ്ടും തൂക്കുസഭ

മെയ് 10
കർണാടക തെരഞ്ഞെടുപ്പ്

വിനോദ് പായം

ബംഗളൂരു

അവസാനപാദത്തിലും സർവേകൾ ചൂണ്ടിക്കാണിക്കുന്നത് കർണാടകത്തിൽ ബിജെപി വീഴുമെന്നാണ്. ആർക്കും വ്യക്തമായ ഭൂരിപക്ഷം ഉണ്ടാകില്ലെന്നും വലിയ ഒറ്റക്കക്ഷിയായി കോൺഗ്രസ് വരുമെന്നും ചില മാധ്യമങ്ങൾ നിരീക്ഷിക്കുന്നു. കേവല ഭൂരിപക്ഷമായ 113 സീറ്റ് കിട്ടിയാലും കോൺഗ്രസിന് ഭരിക്കാനാകുമോയെന്ന ഭയം പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ പങ്കുവച്ചിട്ടുണ്ട്. സർക്കാരിനെതിരായ ജനവികാരമുള്ളതിനാൽ ഭരണനേട്ടം ചർച്ചയാക്കാൻ ബിജെപി തയ്യാറായിട്ടില്ല. നിശ്ശബ്ദ പ്രചാരണം നടന്ന ചൊവ്വാഴ്ച വീടുകളിൽ ‘ഹനുമാൻ ചാലിസ’ നടത്താനായിരുന്നു ബിജെപിയുടെ ശ്രദ്ധ.

2018ൽ സംഭവിച്ചത്

കഴിഞ്ഞതവണ 37 സീറ്റ് കിട്ടിയ ജെഡിഎസിന് ഇത്തവണയും ജയം ആവർത്തിക്കാനായാൽ അവർ നിർണായക ശക്തിയാകും. 2018ൽ 104 സീറ്റ് നേടി വലിയ ഒറ്റക്കക്ഷിയായ ബിജെപി സർക്കാരുണ്ടാക്കിയെങ്കിലും ഭൂരിപക്ഷം തെളിയിക്കാനാകാതെ മുഖ്യമന്ത്രി യെദ്യൂരപ്പ രണ്ടുനാൾക്കകം രാജിവച്ചു. തുടർന്ന്, 78 സീറ്റുള്ള കോൺഗ്രസും 37 സീറ്റുള്ള ജെഡിഎസും ചേർന്ന് മന്ത്രിസഭ രൂപീകരിച്ചു. 2019 ജൂലൈയിൽ ‘ഓപ്പറേഷൻ താമര’യിലൂടെ കോൺഗ്രസിലെ 12 എംഎൽഎമാരെയും ജെഡിഎസിലെ മൂന്നുപേരെയും രണ്ടു സ്വതന്ത്രരെയും ബിജെപി വിലയ്ക്കുവാങ്ങി അധികാരം പിടിച്ചു.

ആടിനിൽക്കും മണ്ഡലങ്ങൾ നിർണായകം

മംഗളൂരു

കർണാടകത്തിൽ ഒറ്റയ്ക്ക് ഭരിക്കാമെന്ന പാർടികളുടെ മോഹങ്ങളെ തകിടംമറിക്കുന്നത് എങ്ങോട്ടും മറിയാവുന്ന മണ്ഡലങ്ങൾ. 2018ൽ 24 മണ്ഡലത്തിൽ ഭൂരിപക്ഷം അയ്യായിരത്തിൽ താഴെയാണ്. ഇതിൽ നാലിടത്ത് കോൺഗ്രസ് ജയിച്ചത് 1000 വോട്ട് ഭൂരിപക്ഷത്തിലും. മസ്കി, പാവഗഡാ, കുണ്ഡ്ഗോൾ, അലന്ദ്, ഹിരെകെരൂർ എന്നീ മണ്ഡലങ്ങളിൽ ഭൂരിപക്ഷം 700 വോട്ടും. 74 സ്ഥാനാർഥികൾ ജയിച്ചത് 10,000ൽ താഴെ ഭൂരിപക്ഷം നേടിയാണ്. സ്വതന്ത്രർ, അപരന്മാർ, പ്രാദേശിക പാർടികൾ തുടങ്ങിയവരുണ്ടാക്കുന്ന വെല്ലുവിളി ഇവിടങ്ങളിൽ വലുതാണ്. ഭരണവിരുദ്ധ വികാര വോട്ടുകൾ ഇത്തരത്തിൽ ഭിന്നിച്ചുപോകുമോയെന്ന ആശങ്ക കോൺഗ്രസിനുണ്ട്.

വൈദികർക്ക് മർദനം

മധ്യപ്രദേശിൽ കത്തോലിക്കാ സഭയുടെ അനാഥാലയത്തിൽ റെയ്ഡ്

ന്യൂഡൽഹി

മധ്യപ്രദേശിലെ സാഗർ ജില്ലയിൽ കത്തോലിക്കാ സഭയുടെ അനാഥാലയത്തിൽ റെയ്ഡിനിടെ വൈദികരെ മർദിച്ചശേഷം അറസ്റ്റ് ചെയ്തു. സാഗർ രൂപതയ്ക്കു കീഴിൽ 150 വർഷത്തോളമായി പ്രവർത്തിക്കുന്ന ശംബുര സെന്റ് ഫ്രാൻസിസ് സേവാധാം അനാഥാലയത്തിലായിരുന്നു ചൊവ്വാഴ്ച ബാലാവകാശ കമീഷന്റെ ‘മിന്നൽ പരിശോധന’യ്ക്കിടെ അതിക്രമമുണ്ടായത്. ഇവിടെ പരിശോധന നടത്തുന്നത് ഹൈക്കോടതി വിലക്കിയത് ചൂണ്ടിക്കാട്ടിയിട്ടും സംഘം ഗൗനിച്ചില്ലന്ന് വൈദികർ പറഞ്ഞു. കുർബാനയ്ക്കായി സൂക്ഷിച്ച ആനാംവെള്ളം മദ്യമാണെന്ന് ആരോപിച്ച് ഇവർ വാർത്താസമ്മേളനവും നടത്തി. പരിസരത്തുള്ള പള്ളി, കോൺവെന്റ്, കുട്ടികളുടെ രണ്ടു ഹോസ്റ്റൽ എന്നിവയും പരിശോധിച്ചു. തുടർന്ന്, പള്ളി അൾത്താരയിലേക്ക് അതിക്രമിച്ച് കയറിയത് എതിർത്ത വൈദികരായ ഇ പി ജോഷി, നവീൻ എന്നിവരെ പൊലീസ് ക്രൂരമായി മർദിച്ചെന്നും വിശുദ്ധ വസ്തുക്കളോട് അനാദരവ് കാട്ടിയെന്നും ഇവർ ആരോപിച്ചു. അന്തേവാസിയുടെ അച്ഛനമ്മമാരുടെ പരാതിയിലാണ് പിരശോധനയെന്ന് അവകാശപ്പെട്ട ഉദ്യോഗസ്ഥർ രേഖകൾ നൽകാൻ തയ്യാറായില്ല.

കംപ്യൂട്ടറുകൾ, സിസിടിവികൾ, മൊബൈൽ ഫോണുകൾ, സുപ്രധാന രേഖകൾ തുടങ്ങിയവ നശിപ്പിച്ചു. 2020 മുതൽ അനാഥാലയത്തിന്റെ ലൈസൻസ് ബിജെപി സർക്കാർ പുതുക്കി നൽകിയിട്ടില്ല. 18 തവണ അപേക്ഷ നൽകിയെന്ന് ഫാ. സാബു പുത്തൻപുരയ്ക്കൽ ദേശാഭിമാനിയോട് പറഞ്ഞു. കഴിഞ്ഞ വർഷം ബീഫ് വിളമ്പിയെന്നും മതപരിവർത്തനം നടത്തിയെന്നും ആരോപിച്ച് സ്ഥാപനത്തിൽനിന്ന് കുട്ടികളെ ഒഴിപ്പിക്കാൻ ശ്രമിച്ചിരുന്നു. ആരോപണം പൊളിഞ്ഞതോടെ കുട്ടികളെ സർക്കാർ സ്ഥാപനങ്ങളിലേക്ക് മാറ്റുന്നത് ഹൈക്കോടതി തടഞ്ഞു. നിലവിൽ 37 കുട്ടികളാണ് ഇവിടെയുള്ളത്. നിർദിഷ്ട കന്യാകുമാരി– കശ്മീർ റോഡിനു സമീപത്തുള്ള അനാഥാലയത്തിന്റെ ഭൂമിയിൽ ബിജെപി മന്ത്രിമാർക്കും ഭൂമാഫിയക്കും കണ്ണുണ്ടെന്നും ഇവർ പറഞ്ഞു.

ഭരണഘടനയുടെ സ്വഭാവം പാരമ്പര്യരീതികളെ മറികടക്കുന്നത്

ന്യൂഡൽഹി

പാരമ്പര്യരീതികളെ മറികടക്കുന്നതാണ് ഭരണഘടനയുടെ സ്വഭാവമെന്നും ഇല്ലായിരുന്നുവെങ്കിൽ ജാതി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇപ്പോഴും ശക്തമായി നിലനിൽക്കുമായിരുന്നുവെന്നും സുപ്രീംകോടതി. സ്വവർഗവിവാഹങ്ങൾക്ക് നിയമപരമായ അംഗീകാരം തേടിയുള്ള ഹർജികളിൽ വാദം കേൾക്കുന്നതിനിടെയാണ് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ഭരണഘടനാബെഞ്ചിന്റെ നിരീക്ഷണം.

തുല്യതയ്ക്കുള്ള അവകാശം വാഗ്ദാനം ചെയ്യുന്ന ഭരണഘടനയിലെ 14–ാം അനുച്ഛേദം, വിവേചനത്തിന് എതിരായ 15–ാം അനുച്ഛേദം തുടങ്ങിയവയെല്ലാം പാരമ്പര്യരീതികളുടെ നിഷേധത്തിനുള്ള ഉദാഹരണങ്ങളാണെന്ന് ഭരണഘടനാബെഞ്ചിൽ അംഗമായ ജസ്റ്റിസ് എസ് രവീന്ദ്രഭട്ട് ചൂണ്ടിക്കാണിച്ചു.

അന്തർദേശീയം

ആഴ്ച പിന്നിട്ട് ഹോളിവുഡ് എഴുത്തുകാരുടെ സമരം

ലൊസ് ആഞ്ചലസ്

വേതനവർധന ആവശ്യപ്പെട്ട് ഹോളിവുഡ് എഴുത്തുകാർ നടത്തുന്ന സമരം ഒരാഴ്ച പിന്നിട്ടു. നെറ്റ്ഫ്ലിക്സ്, വാൾട്ട് ഡിസ്നി തുടങ്ങിയ കമ്പനികളുമായി നടത്തിയ ചർച്ച പരാജയപ്പെട്ടതിനെത്തുടർന്നാണ് റൈറ്റേഴ്സ് ഗിൽഡ് ഓഫ് അമേരിക്ക (ഡബ്ല്യുജിഎ) രണ്ടിന് അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചത്.

എഴുത്തുകാർ പണിമുടക്കിയതോടെ രാത്രി വൈകി സംപ്രേഷണം ചെയ്യേണ്ട ചർച്ചകൾ ഉൾപ്പെടെ നിർത്തിവയ്ക്കേണ്ടിവന്നു. ഗെയിം ഓഫ് ത്രോൺസ് ഉൾപ്പെടെയുള്ള സീരീസുകളുടെ ചിത്രീകരണം മുടങ്ങിയിരിക്കുകയാണ്. സമരം തീരുംവരെ എഴുത്തുകാർ ജോലിക്കെത്തില്ലെന്ന് സീരീസിന്റെ പ്രധാന എഴുത്തുകാരൻ ജോർജ് ആർ ആർ മാർട്ടിൻ അറിയിച്ചു. ലൊസ് ആഞ്ചലസിൽ ഇല്ലാത്തതിനാൽ പ്രധാന പ്രതിഷേധ പരിപാടികളിൽ പങ്കെടുക്കാനാകില്ലെന്നും സമരത്തിന് പൂർണ പിന്തുണ പ്രഖ്യാപിക്കുന്നതായും അദ്ദേഹം അറിയിച്ചു.

സ്ട്രേഞ്ചർ തിങ്സുപോലുള്ള സീരീസുകളുടെയും ബ്ലേഡ് ഉൾപ്പെടെയുള്ള സിനിമകളുടെയും ഷൂട്ടിങ് നിർത്തിവച്ചു. സമരം നീതിയുക്തമായി അവസാനിപ്പിക്കണമെന്ന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ ആവശ്യപ്പെട്ടു.

ഇസ്രയേൽ ആക്രമണം

15 പലസ്തീൻകാർ കൊല്ലപ്പെട്ടു

ഗാസ

ഗാസയിൽ വിവിധ പ്രദേശങ്ങളിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണങ്ങളിൽ 15 പലസ്തീൻകാർ കൊല്ലപ്പെട്ടു. മരിച്ചവരിൽ ആറ് സ്ത്രീകളും നാല് കുട്ടികളുമുണ്ടെന്ന് പലസ്തീൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു. പലസ്തീൻ വിമോചനത്തിനായി പ്രവർത്തിക്കുന്ന പലസ്തീൻ ഇസ്ലാമിക് ജിഹാദിന്റെ പ്രവർത്തകരെ ലക്ഷ്യമിട്ടായിരുന്നു ആക്രമണമെന്നാണ് ഇസ്രയേലിന്റെ വിശദീകരണം. സംഘടനയുടെ മുതിർന്ന മൂന്ന് നേതാക്കളും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു.

ഗാസ, റാഫാ നഗരങ്ങളിലെ ജനവാസമേഖലയിലേക്കാണ് ഇസ്രയേൽ തുടർ മിസൈൽ ആക്രമണം നടത്തിയത്. ഗാസയിലെ പാർപ്പിട സമുച്ചയത്തിന്റെ നാലും അഞ്ചും ആറും നിലകൾ പൂർണമായും തകർന്നു. തിങ്കൾ വൈകിട്ട് തുടങ്ങിയ ആക്രമണം ചൊവ്വ പുലർച്ചെവരെ നീണ്ടു. 20 പേർക്ക് ആക്രമണത്തിൽ പരിക്കേറ്റു.

അതിനിടെ, തെക്കൻ ഗാസയിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ കാറിൽ സഞ്ചരിക്കുകയായിരുന്ന രണ്ടുപേർ കൊല്ലപ്പെട്ടു.ഈവർഷം ഇതുവരെ വെസ്റ്റ് ബാങ്കിലും കിഴക്കൻ ജറുസലേമിലും മാത്രം ഇസ്രയേൽ ആക്രമണത്തിൽ 105 പലസ്തീൻകാരാണ് കൊല്ലപ്പെട്ടത്.

രാജഭരണവിരുദ്ധ പ്രതിഷേധം

അറസ്റ്റിൽ ഖേദം പ്രകടിപ്പിച്ച് ബ്രിട്ടീഷ് പൊലീസ്

ലണ്ടൻ

ചാൾസ് മൂന്നാമന്റെ കിരീടധാരണത്തിനെതിരെ പ്രതിഷേധിച്ചവരെ അറസ്റ്റുചെയ്തതിൽ ഖേദം പ്രകടിപ്പിച്ച് ബ്രിട്ടീഷ് പൊലീസ്. രാജഭരണവിരുദ്ധരുടെ കൂട്ടായ്മയായ റിപ്പബ്ലിക്കിന്റെ നേതാവായ ഗ്രഹാം സ്മിത്ത് ഉൾപ്പെടെയുള്ള ആറുപേരെ അറസ്റ്റുചെയ്ത സംഭവത്തിലാണ് പൊലീസ് ഖേദം പ്രകടിപ്പിച്ചത്. തുടർനടപടികളൊന്നും ഉണ്ടാവില്ലെന്നും പൊലീസ് അറിയിച്ചു. പ്രതിഷേധങ്ങളുടെ ഭാഗമായി ആകെ 64 ആളുകളെ അറസ്റ്റുചെയ്തിരുന്നു. കിരീടധാരണത്തിനും ചാൾസിനും പകരം തെരഞ്ഞെടുപ്പാണ് വേണ്ടതെന്ന് റിപ്പബ്ലിക് കൂട്ടായ്മ ട്വിറ്ററിൽ കുറിച്ചു. എന്നാൽ, അറസ്റ്റിനെ കുറിച്ച് ബക്കിങ്ഹാം കൊട്ടാരം ഇതുവരെയും പ്രതികരിച്ചിട്ടില്ല.

വിജയദിനം ആഘോഷിച്ച് റഷ്യ

റഷ്യക്കെതിരെ പാശ്ചാത്യ രാജ്യങ്ങൾ യുദ്ധം ചെയ്യുന്നു: പുടിൻ



മോസ്കോയിൽ സംഘടിപ്പിച്ച വിജയദിന പരേഡിൽ റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ സംസാരിക്കുന്നു

മോസ്കോ

റഷ്യക്കെതിരെ പാശ്ചാത്യരാജ്യങ്ങൾ യുദ്ധം ചെയ്യുകയാണെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിൻ. പാശ്ചാത്യ രാജ്യങ്ങളുടെ അത്യാഗ്രഹവും ദുരഭിമാനവുമാണ് ഉക്രയ്ൻ യുദ്ധത്തിലേക്ക് നയിച്ചത്. മാനവരാശി വഴിത്തിരിവിന്റെ ഘട്ടത്തിലാണെന്നും അദ്ദേഹം പറഞ്ഞു. രണ്ടാം ലോകയുദ്ധത്തിൽ നാസി പട്ടാളത്തിനെതിരെ സോവിയറ്റ് യൂണിയൻ വിജയം കൈവരിച്ചതിന്റെ 78–ാം വാർഷികാഘോഷത്തിന്റെ ഭാഗമായി മോസ്കോയിൽ സംഘടിപ്പിച്ച വിജയദിന പരേഡിൽ സംസാരിക്കുകയായിരുന്നു പുടിൻ.

ഉക്രയ്ൻ യുദ്ധഭൂമിയിൽനിന്ന് പരേഡിൽ പങ്കെടുക്കാനെത്തിയ സൈനികരെ അദ്ദേഹം അഭിനന്ദിച്ചു. തങ്ങളുടെ പരമാധികാരം സംരക്ഷിക്കുക മാത്രമാണ് റഷ്യ ചെയ്യുന്നതെന്നും പുടിൻ പറഞ്ഞു .മോസ്കോയിൽ വിപുലമായ ആഘോഷ പരിപാടികൾ നടന്നെങ്കിലും സുരക്ഷാ പ്രശ്നങ്ങൾ മുൻനിർത്തി രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ പരിമിതമായ രീതിയിൽ മാത്രമാണ് പരിപാടികൾക്ക് അനുമതി നൽകിയത്. അടുത്തിടെ ക്രെംലിനിലടക്കം ആക്രമണം നടന്ന പശ്ചാത്തലത്തിലാണിത്.

മുൻ സോവിയറ്റ് രാജ്യങ്ങളായ കസാഖ്സ്ഥാൻ, ഉസ്ബെക്കിസ്ഥാൻ, അർമേനിയ എന്നിവയുടെ തലവന്മാരും വിജയദിനാഘോഷത്തിൽ പങ്കെടുത്തു.

അതിനിടെ, പോളണ്ടിലെ വാർസോയിൽ വിജയദിന സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിക്കാനെത്തിയ റഷ്യൻ സ്ഥാനപതിയെ ഉക്രയ്ൻ– പോളിഷ് പ്രക്ഷോഭകർ തടഞ്ഞു.

യൂറോപ്യൻ യൂണിയൻ റഷ്യയുടെ ശക്തിപ്രകടനത്തിൽ ഭയപ്പെടരുതെന്നും ഉക്രയ്നെ തുടർന്നും സഹായിക്കണമെന്നും ജർമൻ ചാൻസലർ ഒലാഫ് ഷോൾസ് ആവശ്യപ്പെട്ടു.

ചൊവ്വാഴ്ച യൂറോപ്പ് ദിനവുമായിരുന്നു. യൂറോപ്യൻ കമീഷൻ പ്രസിഡന്റ് ഊർസുല വോൺ ഡെർ ലെയ്ൻ കീവിലെത്തി ഉക്രയ്ൻ പ്രസിഡന്റ് വ്ലോദിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തി.